**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3997** **25.06.2018-ൽ മറുപടിയ്ക്ക്**

**മോഡൽ റസിഡൻഷ്യൽ സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ബി.ഡി. ദേവസ്സി<br>ശ്രീ.പി.വി. അൻവർ<br>ശ്രീ.കെ. ബാബു<br>ശ്രീ.ജോർജ് എം. തോമസ് | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) | |
| ചോദ്യം | | മറുപടി | |
| എ) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ വിവിധ കാരണങ്ങളാൽ പഠനം ഇടയ്ക്ക് വച്ച് നിർത്തി പോകുന്നത് ഈ വിഭാഗക്കാരുടെ സാമൂഹികവും വിദ്യാഭ്യാസപരവുമായ നിലവാരത്തെ സാരമായി ബാധിക്കുന്നു എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | എ) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ വിവിധ കാരണങ്ങളാൽ പഠനം ഇടയ്ക്ക് വച്ച് നിർത്തി പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇത് പരിഹരിക്കുന്നതിനായി വയനാട്ടും അട്ടപ്പാടിയിലും 'ഗോത്രബന്ധു' പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിലൂടെ കൊഴിഞ്ഞു പോക്ക് കുറച്ച് കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. |
| ബി) | പ്രസ്തുത വിദ്യാർത്ഥികളുടെ ഇപ്രകാരമുള്ള കൊഴിഞ്ഞുപോക്ക് പരിഹരിക്കുന്നതിനായി നടപ്പാക്കി വരുന്ന ഗോത്ര ബന്ധു പദ്ധതി സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ; | ബി) | സ്കൂളുകളിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഭാഷാപ്രശ്നം പരിഹരിക്കുന്നതിന് പട്ടികവർഗ്ഗത്തിൽ തന്നെയുള്ള ടിടിസി/ബി.എഡ്/ടി.എഡ് പാസായവരെ മെന്റർ ടീച്ചർമാരായി നിയമിക്കുന്ന പദ്ധതിയാണ് ഗോത്രബന്ധു പദ്ധതി.<br>2017-18 അദ്ധ്യയനവർഷം വയനാട് ജില്ലയിലെ വൈത്തിരി, മാനന്തവാടി, സുൽത്താൻബത്തേരി താലൂക്കുകളിലായി 241 സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ഈ പദ്ധതി പ്രകാരം മെന്റർ ടീച്ചർമാരെ നിയമിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിലെ 26 |

| | | | |
|---|---|---|---|
| | | | സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ഈ പദ്ധതി പ്രകാരം 2018-19 അദ്ധ്യയനവർഷം മെന്റർ ടീച്ചർമാരെ നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.<br>സംസ്ഥാനത്തെ മറ്റ് ജില്ലകളിലെ പ്രൈമറി ക്ലാസുകളുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 4-ാം ക്ലാസ് വരെയുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിവരങ്ങൾ, പട്ടികവർഗ്ഗ വിഭാഗത്തിൽ ടി.ടി.സി/ബി.എഡ്/ ഡി.എഡ് യോഗ്യതയുള്ളവരുടെ വിവരങ്ങൾ ശേഖരിച്ചുവരുന്നു. |
| സി) | പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | സി) | വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ

**അനുബന്ധം**

**മോഡൽ റസിഡൻഷ്യൽ സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള വികസന പദ്ധതികൾ**

1. **സ്മാർട്ട് ക്ലാസ്സ്റൂം**

വകുപ്പിന് കീഴിലുള്ള 18 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ആധുനിക പഠനരീതിയുടെ ഭാഗമായി പഠനപ്രക്രിയ ആയാസരഹിതവും ആനന്ദകരവുമാക്കുന്നതിനായി 30 സ്മാർട്ട് ക്ലാസ്സ്റൂം സജ്ജീകരിച്ചിട്ടുണ്ട്.

2. **കംപ്യൂട്ടർ ലാബ്**

വകുപ്പിന് കീഴിലുള്ള 11 എം.ആർ.എസ്സുകളിൽ ഒരേ സമയം 40 കുട്ടികൾക്ക് ഉപയോഗപ്രദമായ രീതിയിൽ കംപ്യൂട്ടർ ലാബ് സജ്ജീകരിച്ചിട്ടുണ്ട്.

3. **സയൻസ് ലാബ്**

വകുപ്പിന് കീഴിലുള്ള 18 എം.ആർ.എസ്സുകളിൽ സയൻസ് ലാബ് സജ്ജീകരിച്ചിട്ടുണ്ട്.

4. **ലാംഗ്വേജ് ലാബ്**

വകുപ്പിന് കീഴിലുള്ള 5 എം.ആർ.എസ്സുകളിൽ ലാംഗ്വേജ് ലാബ് സജ്ജീകരിച്ചിട്ടുണ്ട്.

5. **സ്കൂൾ റേഡിയോ**

മോഡൽ റസിഡൻഷ്യൽ സ്കൂളിലെ വിദ്യാർത്ഥികളുടെ ആത്മവിശ്വാസം, വ്യക്തിത്വം, ആശയ വിനിമയം എന്നിവ വളർത്തിയെടുക്കുന്നതിനാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

6. **സി.സി. ടി.വി**

എം.ആർ.എസ് കളിലെയും ഹോസ്റ്റലുകളിലെയും വിദ്യാർത്ഥികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 18 എം.ആർ.എസ് കളിൽ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.

7. **സോളാർ പവർപ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി**

എം.ആർ.എസ് കളിലെ വൈദ്യുത പ്രവാഹം തടസപ്പെടുന്ന അവസ്ഥയും വൈദ്യുതി ലഭിക്കാതിരിക്കുന്ന അവസ്ഥയും ഒഴിവാക്കാനായി സൗരോർജ്ജത്തിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്ന ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ആദ്യഘട്ടമായി 5 എം.ആർ.എസ് കളിലും, രണ്ടാം ഘട്ടത്തിൽ 8 എം.ആർ.എസ് കളിലും ഈ പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

8. **എം.ആർ.എസ്സുകളുടെ അടുക്കള നവീകരിക്കുന്നതിനുള്ള പദ്ധതി**

എം.ആർ.എസ് കളിലെ വിദ്യാർത്ഥികൾക്ക് ആരോഗ്യപ്രദവും രുചികരവുമായ ഭക്ഷണം പാചകം ചെയ്യുന്നതിനായാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. 16 എം.ആർ.എസുകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

9. <u>മൾട്ടി പർപ്പസ് സിന്തറ്റിക് കോർട്ട്</u>

എം.ആർ.എസ് കളിലെ വിദ്യാർത്ഥികൾക്ക് ബാസ്ക്കറ്റ് ബോൾ, വോളിബോൾ, ഷട്ടിൽ ബാഡ്മിന്റൺ, ടെന്നീസ്, ഹാൻഡ്ബോൾ, ഖോഖോ, കബഡി എന്നീ കളികളുടെ പരിശീലനത്തിനായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

10. <u>മിനി മാസ്റ്റ് ലൈറ്റ്</u>

മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിനാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 18 എം.ആർ.എസ് കളിൽ ഈ പദ്ധതി നടപ്പിലാക്കുന്നു.

11. <u>മിന്നൽ രക്ഷാചാലകം</u>

മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികളുടെയും കെട്ടിടങ്ങളുടെയും ഇലക്ട്രോണിക് ഉപകരണങ്ങളുടെയും സുരക്ഷ ഉറപ്പ് വരുത്തുന്നതിന് മിന്നൽ രക്ഷാചാലകം സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നു.

12. <u>ഖര ദ്രാവക മാലിന്യ സംസ്കരണ പ്ലാന്റ്</u>

മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെയും ഹോസ്റ്റലുകളിലെയും ഖര ദ്രവ മാലിന്യങ്ങൾ സംസ്കരണം ചെയ്ത് ആവശ്യാനുസരണം ഉപയോഗിക്കുന്നതിനുള്ള പദ്ധതി ഞാറനീലി സി.ബി.എസ്.ഇ സ്കൂളിൽ നടപ്പിലാക്കുന്നുണ്ട്.

13. <u>ജലശുദ്ധീകരണ പദ്ധതി</u>

മോഡൽ റസിഡൻഷ്യൽ സ്കൂളിലെ പാചകത്തിനും വിദ്യാർത്ഥികൾക്ക് കുടിവെള്ളത്തിനുമായി ശുദ്ധമായ ജലം ലഭ്യമാക്കുന്നതിനുമാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 18 എം.ആർ.എസ് കളിൽ ടി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

14. <u>നാപ്കിൻ വെൻഡിംഗ് മെഷീൻ സ്ഥാപിക്കുന്നതിനുള്ള പദ്ധതി</u>

13 എം.ആർ.എസ് കളിലെയും 39 പ്രീമെട്രിക് ഹോസ്റ്റലുകളിലെയും ഒരു പോസ്റ്റ്മെട്രിക് ഹോസ്റ്റലിലെയും വിദ്യാർത്ഥിനികളുടെ ശുചിത്വം ഉറപ്പു വരുത്തുന്നതിനായി ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ